കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി. അതിന്റെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നടത്തിയിരുന്ന ഡി. എഫ്. ഒ. യേയും റെയിഞ്ചറേയും സസ്പെൻറ് ചെയ്തിട്ടുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : യൂക്കാലി മരങ്ങൾ മണ്ണിലുള്ള ജലാംശം മുഴുവൻ വലിച്ചെടുക്കുന്നുവെന്നാണ് ശാസ്ത്രജ്ഞൻമാർ പറയുന്നത്. അതുകൊണ്ട് യൂക്കാലി മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ അടുത്തുള്ള പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളുമെല്ലാം വറ്റിപ്പോവുകയാണ്. യൂക്കാലി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി നേതൃത്വം കൊടുക്കുന്നുണ്ടോ ? ഗവേഷണ വിഭാഗങ്ങളുടെ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : യൂക്കാലി മരങ്ങളെക്കുറിച്ച് ഒരുപാട് തർക്കങ്ങൾ ഇപ്പോഴും ശാസ്ത്രജ്ഞൻമാരുടെ ഇടയിൽ ഉണ്ട്. ഒരു കൊല്ലം മുമ്പ് തൃശ്ശൂർ വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സെമിനാർ നടക്കുകയുണ്ടായി. അതിൽ ഏകദേശം 150 ഓളം ശാസ്ത്രജ്ഞൻമാർ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. അവരുടെ ചർച്ചകളുടെ അവസാനമായിട്ട് യൂക്കാലിതന്നെ 10-80 വിഭാഗം ഉണ്ട് ; അതിൽ അപകടമുള്ളതും ഇല്ലാത്തും ഉണ്ട് എന്നു പറഞ്ഞു. കേരളത്തിൽ വച്ചുപിടിപ്പിക്കുന്നത് അപകടകരമല്ലാത്തതാണ്. ഏതായിരുന്നാലും സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായിട്ട് വളരെ കുറച്ചു ശതമാനം മാത്രമേ യൂക്കാലി മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നുള്ളൂ.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : നമ്മുടെ സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി നഴ്സറികൾ സംവിധാനം ചെയ്യുന്നത് ഏജൻസി വഴിയാണോ? അതോ ഡിപ്പാർട്ടുമെൻറ് നേരിട്ടാണോ ? അതിൽ വലിയ ക്രമക്കേടുകൾ ഉണ്ടെന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നഴ്സറികൾ ഉണ്ടാക്കുന്നത് ഡിപ്പാർട്ടുമെൻറ് നേരിട്ടാണ്. ഏതെങ്കിലും നഴ്സറികളിൽ എന്തെങ്കിലും പ്രത്യേകമായ ആരോപണം ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

നാളികേരത്തിന്റെ വിലയിടിവ്

* 2 [2] ശ്രീ. ടി. കെ. അബ്ദു :

,, കെ. പി. അരവിന്ദാക്ഷൻ :

,, വർക്കല രാധാകൃഷ്ണൻ :

,, ടി. കെ. അറുമുഖൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെ വിലയിടിവ് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിന്റെ നടപടികളും വിലയിടിവ് തടയാൻ സഹായിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 1. കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ആസന്ന ഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് ഉറപ്പുവാങ്ങുകയും ചെയ്തു.

2. താങ്ങുവില പ്രഖ്യാപിച്ച് കൊപ്രാ സംഭരണം നടത്തുന്നതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം വാങ്ങി.

3. കപിൻറലിന് 1200 രൂപ മിനിമം വില നിശ്ചയിച്ച് കൊപ്ര സംഭരണം നടത്തിവരുന്നു.

4. പാമോയിൽ വിതരണം നിറുത്തി അതിനുപകരം സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ വിതരണം നടത്തിവരുന്നു.

(ബി) ഉണ്ട്.

ശ്രീ. ടി. കെ. അബ്ദു : നാളികേര കർഷകരെ സഹായിക്കുന്നതിനു വേണ്ടി ഗവൺമെന്റ് ഏർപ്പെടുത്തിയ കൊപ്രാ സംഭരണത്തിന്റെ ഭാഗമായി ചില കോൺഗ്രസുകാരെ ഏജൻറുമാരായി നിർദ്ദേശിച്ചതിന്റെ ഫലമായി യഥാർത്ഥത്തിൽ നാളികേരം ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരന് ഇതുവരെയാതൊരു ഗുണവും ഉണ്ടായിട്ടില്ല എന്നുള്ളത് സമ്മതിക്കാൻ മന്ത്രി തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇതിന്റെ ഏജൻസി കോൺഗ്രസിനല്ല കൊടുത്തിട്ടുള്ളത്. മാർക്കറ്റിംഗ് ഫെഡറേഷനാണ് ഇത് വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. ടി. കെ. അബ്ദു : ഈ സംഭരണം കൊണ്ടുമാത്രം ഇത് ഫലപ്രദമായി നേരിടാൻ കഴിയില്ല. അതുകൊണ്ട്, വെളിച്ചെണ്ണ, കൊപ്ര മുതലായവ വിദേശരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നതിന് കേന്ദ്രത്തിന്റെ മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : കൊപ്ര നേരിട്ട് സംഭരിക്കുന്നതുകൊണ്ടു മാത്രം പരിഹാരമുണ്ടാകുമെന്ന് ഗവൺമെന്റ് കരുതുന്നില്ല. മറ്റു നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. എന്തായാലും തൽക്കാലം ഇറക്കുമതി ചെയ്യുന്നില്ല എന്ന് ഇൻഡ്യാഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഗവൺമെന്റുതന്നെ പ്രഖ്യാപിച്ച കണക്കനുസരിച്ച് 11,000 ടണ്ണോളം കൊപ്രയാണ് സംഭരിച്ചതെന്നു പറയുന്നു. എന്നാൽ കേരള ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഒരു പൊതുമേഖലാസ്ഥാപനമായ കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ അതിനു മുൻവർഷം സംഭരിച്ചത് 9600 ടണ്ണാണ്. അത് നിറുത്തിവച്ചു കൊണ്ടാണ് ഈ 11,000 ടണ്ണിന്റെ സംഭരണം നടത്തിയത്. അതിനർത്ഥം 40 ലക്ഷം ടൺ കൊപ്ര പ്രതിവർഷം മാർക്കറ്റിൽവരുന്ന നമ്മുടെ സംസ്ഥാനത്ത്.

LIBRARY ARCHIVES Kerala Legislative Assembly

1400 ടൺ കൊപ്രയാണ് പല സ്ഥലത്തും നിലവിളക്ക് കൊളുത്തിവച്ച് ഈ ഗവൺമെൻറ് സംഭരിച്ചതെന്നല്ലേ? പരിഹാസ്യമല്ലേ ഈ സംഭരണം. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത് ?

ശ്രീ. കെ. കരുണാകരൻ : മാർക്കറ്റിംഗ് ഫെഡറേഷൻ നേരിട്ട് 13,000 ടണ്ണും നാഫെഡിന്റെ നേതൃത്വത്തിൽ 8,000 ടണ്ണും അങ്ങനെ 21,000 ടൺ കൊപ്ര ഇതിനകം സംഭരിച്ചിട്ടുണ്ട്.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ : ഞാൻ ചോദിച്ച ചോദ്യത്തിനല്ല മറുപടി പറഞ്ഞത്. ചോദിക്കുന്ന ചോദ്യത്തിന് മറുപടി കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം. ഞാൻ ചോദിച്ചത് കോക്കനട്ട് ഡെവലപ്മെൻറ് കോർപ്പറേഷന്റെ സംഭരണം നിറുത്തിവച്ചുകൊണ്ട് പകരം മറ്റൊരു പൊതുമേഖലാ സ്ഥാപനത്തെക്കൊണ്ട് സംഭരിച്ചതിന്റെ കാരണമെന്താണ്, അത് പരിഹാസ്യമല്ലേ എന്നാണ്. അതിന് മറുപടിയില്ല.

ശ്രീ. കെ. കരുണാകരൻ : നാളികേര ഡെവലപ്മെൻറ് കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട്. പൂർണ്ണമായി നിറുത്തൽ ചെയ്തിട്ടില്ല. രണ്ടായിരം ടൺ അവർ വാങ്ങിയിട്ടുണ്ട്.

(ബഹളം)

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : നാളികേര വികസന കോർപ്പറേഷൻ കൊപ്ര വാങ്ങിക്കണ്ട എന്ന് പറഞ്ഞ് ഗവൺമെൻറ് കൊടുത്ത ഉത്തരവിന്റെ കോപ്പി ഇവിടെ ഹാജരാക്കാം. രണ്ടാമത്തെ ചോദ്യം ദിവസേന 120 ടൺ ക്രഷിംഗ് കപ്പാസിറ്റിയുള്ള ഒരു കോർപ്പറേഷന് ഒരു കൊല്ലം 300 ദിവസം കണക്കാക്കിയാൽ 36,000 ടൺ ക്രഷിംഗ് കപ്പാസിറ്റിയുണ്ട്. ഗവൺമെൻറ് പറയുന്ന കണക്കനുസരിച്ചുതന്നെ 13,000 ടൺ സംഭരിച്ചു എന്നു വയ്ക്കുക. എന്നാൽ തന്നെ ഇവരോട് എന്തിനാണ് ക്രഷ് ചെയ്യേണ്ട എന്നു പറയുന്നത് ? ആരുടെ താൽപ്പര്യം സംരക്ഷിക്കാനാണ് ഈ പൊതുമേഖലാസ്ഥാപനത്തെ പ്രൊക്യുവർമെൻറിൽ നിന്നും ഒഴിവാക്കിയത് ? ആര്യാടൻ മുഹമ്മദ് സംഭരിച്ചാലേ അല്ലെങ്കിൽ തച്ചടി പ്രഭാകരൻ സംഭരിച്ചാലേ കൊപ്ര നന്നാവുകയുള്ളു എന്നുണ്ടോ ? ഇത് ആരെ സംരക്ഷിക്കാനാണ് ?

ശ്രീ. കെ. കരുണാകരൻ : ഇവിടെ നിർദ്ദേശം കൊടുത്തത് ഗവൺമെൻറ് നിശ്ചയിച്ച 1,200 രൂപയ്ക്ക് താഴെ വാങ്ങിക്കാൻ പാടില്ല എന്നാണ്. മാർക്കറ്റിംഗ് ഫെഡറേഷൻ സംഭരിക്കുന്നതും എണ്ണയാക്കി മാറ്റുന്നതും കോക്കനട്ട് ഡെവലപ്മെൻറ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽതന്നെയാണ്, അവർക്ക് അവരുടെ സ്വന്തമായ മിൽ പോരാതെവന്നതുകൊണ്ട് ഒൻപത് മിൽ വാടകയ്ക്കെടുത്തിട്ടാണ് എണ്ണയാക്കിയെടുത്തത്. ഇല്ലെന്നു പറയുന്നത് ശരിയല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കൊപ്രയ്ക്ക് ടണ്ണിന് 1,200 രൂപയാണ് ഇപ്പോഴും കൊടുക്കുന്നത്. ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോട് എപ്പോഴെങ്കിലും ഏറ്റവുംകുറഞ്ഞ വില ശുപാർശ ചെയ്തിട്ടുണ്ടോ ; അത് എന്തുകൊണ്ടാണെന്ന് പറയാമോ ? കാരണം 3,000 രൂപ ഒരു ടണ്ണിന് കൊടുക്കണമെന്ന നിവേദനം ഈ ഗവൺമെൻറിന് ലഭിച്ചിരിക്കേ എന്തുകൊണ്ടാണ് 1,200 രൂപ ടണ്ണിന് വില നിശ്ചയിച്ചുകൊണ്ടുള്ള കേന്ദ്രഗവൺമെൻറ് പ്രഖ്യാപനം ഉണ്ടായതെന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഈ ഗവൺമെൻറ് ശുപാർശ ചെയ്തത് 1417 രൂപയാണ്. എന്നാൽ കേന്ദ്രഗവൺമെൻറിൻെറ കൃഷിവകുപ്പ് ഇതിന് വില നിശ്ചയിക്കുന്ന ഏജൻസിയോട് ഇതിൻെറ ഉൽപ്പാദനച്ചെലവും മറ്റു കാര്യങ്ങളും കണക്കിലെടുത്തതിനുശേഷം വില നിശ്ചയിക്കാൻവേണ്ടി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷൻ അതിൻെറ വില നിശ്ചയിക്കുന്നതു വരെയുള്ള കാലഘട്ടത്തിൽ കൊപ്ര വാങ്ങേണ്ടതു് ആവശ്യമാണെന്നു കരുതി സംസ്ഥാനഗവൺമെൻറ് കൊപ്രയ്ക്ക് വില അങ്ങേയറ്റം താണ ഒരവസരത്തിൽ, അതായത് 1050 രൂപ മാത്രം വിലയുള്ള അവസരത്തിൽ, 1,200 രൂപ ഏറ്റവും കുറഞ്ഞത് നിശ്ചയിച്ച് വാങ്ങിക്കാൻ തീരുമാനിച്ചു. ആ 1,200 രൂപയുടെ അടിസ്ഥാനത്തിൽ വാങ്ങിക്കാനാണ് നാഫെഡ് ഇപ്പോൾ മുതിരുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കൊപ്രയുടെ വില താഴാതിരിക്കണമെങ്കിൽ ഇറക്കുമതി പൂർണ്ണമായും നിരോധിക്കണം. ഇറക്കുമതി നിരോധിക്കുന്നതിൻെറ മുന്നോടിയായി ഈ ഗവൺമെൻറ് നാളികേരം ഒരു ഓയിൽ സീഡായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രഗവൺമെൻറിന് നിവേദനം നടത്തിയിട്ടുണ്ടോ ? ഇന്ന് നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായമനുസരിച്ച് ഓയിൽസീഡല്ലാത്തതുകൊണ്ട് മറ്റു മേഖലകളിലൂടെ കൊപ്ര ഇറക്കുമതി ചെയ്യാൻ കഴിയും. അതുകൊണ്ട് ഓയിൽസീഡായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രഗവൺമെൻറിനോട് എപ്പോഴെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഈ ഗവൺമെൻറ് നടത്തിയിട്ടുള്ള നിവേദനം നാളികേരത്തെ സംബന്ധിച്ചിടത്തോളം താങ്ങുവില ഏർപ്പെടുത്തണമെന്നാണ് താങ്ങുവില ഏർപ്പെടുത്തുന്നതിൻെറ നടപടിയുടെ ഭാഗമായി ഓയിൽ സീഡായി പ്രഖ്യാപിക്കുന്ന സമ്പ്രദായമുണ്ട്, ഓയിൽസീഡായി പ്രഖ്യാപിക്കാതെകണ്ട് താങ്ങുവില നിശ്ചയിക്കണമെന്ന സംസ്ഥാനഗവൺമെൻറിൻെറ പദ്ധതി കേന്ദ്രഗവൺമെൻറ് അംഗീകരിക്കുകയാണ്. അംഗീകരിച്ച് വില നിച്ചയിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കാൻ കമ്മീഷനോട് ആവശ്യപ്പെടുകയും അതുവരെയുള്ള ഇടക്കാലത്തേക്ക് സംസ്ഥാന ഗവൺമെൻറ് വാങ്ങിക്കാൻ നിശ്ചയിച്ചിട്ടുള്ള 1,200 രൂപ നിരക്കിൽ കൊപ്ര വാങ്ങിച്ചുകൊണ്ടിരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. വെളിച്ചെണ്ണ ഇറക്കുമതി നിരോധിക്കേണ്ട കാര്യത്തെക്കുറിച്ച് പറഞ്ഞു. അതിന് കേന്ദ്ര ഗവൺമെൻറ് ഇറക്കുമതി ചെയ്യുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാനഗവൺമെൻറ് ഇറക്കുമതി ചെയ്യുന്ന പാംഓയിൽ വിതരണം പൂർണ്ണമായി നിറുത്തി. വെളിച്ചെണ്ണ സബ്സിഡൈസ്ഡ് റേറ്റിൽ-22 രൂപയോളം കോസ്റ്റുവരുന്ന വെളിച്ചെണ്ണ 15 രൂപയ്ക്കാണ് ഇന്ന് സംസ്ഥാന ഗവൺമെൻറ് വിതരണം ചെയ്യുന്നത്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : കൊപ്ര വാങ്ങുന്നതിന് ഇപ്പോൾ എത്ര കേന്ദ്രങ്ങളാണ് കേരളത്തിൽ ഉള്ളത് ; കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

ശ്രീ. കെ. കരുണാകരൻ : 78 സംഭരണകേന്ദ്രങ്ങളാണ് ഉണ്ടായിരുന്നത്. അത് 170 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സഹകരണസംഘങ്ങൾവഴി കൊപ്ര വാങ്ങുന്നതിന് നാഫെഡ് രണ്ടുലക്ഷം രൂപയാണ് അഡ്വാൻസ് കൊടുക്കുന്നത്. ഈ രണ്ടുലക്ഷം രൂപയ്ക്ക് വാങ്ങിക്കുന്ന കൊപ്ര സം-

LIBRARY ARCHIVES Kerala Legislative Assembly

രിച്ചിട്ട് അത് വിറ്റഴിക്കാൻ നിവൃത്തിയില്ലാതെ പല സഹകരണസംഘങ്ങളും ബുദ്ധിമുട്ടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനുള്ള നടപടികളും ഉടനെതന്നെ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഈ സഹകരണസംഘങ്ങൾ സംഭരിച്ച് കഴിഞ്ഞാൽ അത് ഉടനേതന്നെ മാർക്കറ്റിംഗ് ഫെഡറേഷൻ വാങ്ങിക്കുന്നുണ്ട്. രണ്ടു ലക്ഷം രൂപ അഡ്വാൻസ് കൊടുത്തുകഴിഞ്ഞു. അവർ വാങ്ങിക്കുന്നതായ കൊപ്ര എടുത്തുകഴിഞ്ഞാൽ അപ്പോൾത്തന്നെ പണം കൊടുക്കുന്നുണ്ട്. അതുകൊണ്ട് അത്ര ബുദ്ധിമുട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഉണ്ടെങ്കിൽ അക്കാര്യത്തെക്കുറിച്ച് തീർച്ചയായിട്ടും ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. തച്ചടി പ്രഭാകരൻ : നാഫെഡും മാർക്കറ്റിഗ് ഫെഡറേഷനും കൊപ്ര സംഭരിക്കാനുള്ള നടപടി സ്വീകരിച്ചതുകൊണ്ട് പൂർണ്ണമായി ഇത് സംഭരിക്കാൻ കഴിയുന്നില്ല. കേരളത്തിലുള്ള 1500 പ്രാഥമിക സഹകരണ സംഘങ്ങളെകൊണ്ട് നാളികേരം നേരിട്ടു വാങ്ങിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുണ്ടോ ? ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഈ അടുത്തയവസരത്തിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഭാരവാഹികളും മാർക്കറ്റിംഗ് ഫെഡറേഷന്റെ ഭാരവാഹികളും കേന്ദ്രഗവൺമെന്റിന്റെ ഭാരവാഹികളുംകൂടി ചർച്ച ചെയ്തതിന്റെ ഫലമായി പ്രൈമറി സൊസൈറ്റികൾ മുഖേന വാങ്ങിച്ചാൽ മാത്രമേ കൃഷിക്കാർക്ക് ആശ്വാസം കിട്ടുകയുള്ളു എന്നുള്ളതുകൊണ്ട് അതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇതിന് പുറമേ കഴിയുന്നതും കൊപ്രയ്ക്ക് പകരം ചെറിയ ചെറിയ നിലയിൽ നാളികേരം വാങ്ങിക്കാനുള്ള ഒരു സ്കീമും തയ്യാറാക്കിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : നാളികേരം നാഫെഡ് വാങ്ങാൻതുടങ്ങിയതിനുശേഷം നാളികേര വികസനകോർപ്പറേഷൻ അവരുടെ വാങ്ങൽ നിറുത്തലാക്കുകയും പർച്ചേസിംഗ് സെന്ററിലുണ്ടായിരുന്ന തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്തു. അങ്ങനെ പിരിച്ചുവിട്ട തൊഴിലാളികൾ പൈസ കൊടുത്തു കയറിയവരായതുകൊണ്ട് അവരോട് കൈക്കൂലിയായി വാങ്ങിച്ച ഒരു ലക്ഷത്തിൽപരം രൂപ പ്രസിഡന്റ് തിരികെ കൊടുത്തതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?.

ശ്രീ. കെ. കരുണാകരൻ : അങ്ങനെ ഒരു പരാതിയും തന്നിട്ടില്ല. ഇതിൽ ഒരു സംഗതി മാർക്കറ്റിംഗ് ഫെഡറേഷൻ വാങ്ങുന്ന കൊപ്ര കോർപ്പറേഷൻ 1,200 രൂപയ്ക്ക് വാങ്ങിക്കും. ഇടക്കാലത്ത് നേരിട്ടും വാങ്ങിച്ചു. പക്ഷേ നേരിട്ട് വാങ്ങിക്കുമ്പോൾ വില കുറച്ചു വാങ്ങിക്കുന്നു എന്നുള്ളപരാതി കിട്ടിയതിനെ തുടർന്നാണ് 1,200 രൂപയിൽ കുറച്ച് വാങ്ങിക്കാൻ പാടില്ല എന്നു പറഞ്ഞത്. വില കുറച്ച് വാങ്ങിക്കുന്നു എന്നുള്ള പരാതിക്ക് ഇടയായതിനെത്തുടർന്ന് മാർക്കറ്റിംഗ് ഫെഡറേഷനിൽനിന്ന് വാങ്ങിക്കണമെന്ന് അവരോട് നിർദ്ദേശിച്ചു. അതനുസരിച്ച് അവർ വാങ്ങിക്കുന്നുണ്ട്. അവർ നേരിട്ട് ചില ഏജൻസികൾ മുഖാന്തിരം വാങ്ങിക്കുന്ന അവസരത്തിൽ ആ ഏജൻസികൾ ഏർപ്പെടുത്തിയ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. അതാണ് അവരിൽനിന്നും ഞങ്ങൾക്ക് കിട്ടിയവിവരം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരി : ഞാൻ ചോദിച്ചത് അതല്ല. നാളികേര വികസന കോർപ്പറേഷനിൽ നാളികേരം വാങ്ങുന്നതിന് കുറെ പർച്ചെയ്സിംഗ്
9 a. m. സെന്ററുകളും ഉണ്ട്. ആ സെന്ററുകളിൽ റിക്രൂട്ട് ചെയ്തിരുന്ന തൊഴിലാളികളെ, കച്ചവടക്കാർ തുടങ്ങിയ തൊഴിലാളികളെ, മുമ്പ് കൈക്കൂലി വാങ്ങിയിട്ടാണ് നിയമിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ ഇപ്പോഴത്തെ ചെയർമാൻ അവർക്ക് തിരികെ കൊടുത്ത് പിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : കോർപ്പറേഷൻ എങ്ങനെയാണ് എടുക്കുന്നതെന്നുള്ള കാര്യം അന്വേഷിച്ചിട്ടില്ല. ഏതായാലും കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അവർ വാങ്ങിക്കുന്ന സെന്ററിൽ അവരുടേതായ തൊഴിലാളികളും ഉണ്ടെങ്കിൽ മാർക്കറ്റിംഗ് ഫെഡറേഷൻകാർക്ക് ആ തൊഴിലാളികളെ സംഭരണത്തിനുവേണ്ടി പ്രയോജനപ്പെടുത്താമെന്ന് എല്ലാ പ്രതിനിധികളുമടങ്ങിയ കോൺഫറൻസിൽ ... .(ബഹളം)..... ഗവൺമെന്റ് വിളിച്ചുകൂട്ടിയ കോൺഫറൻസിൽവച്ച് മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രതിനിധികളും കോർപ്പറേഷന്റെ പ്രതിനിധികളും ഡിപ്പാർട്ടുമെന്റും കൂടി ചർച്ച ചെയ്ത അവസരത്തിൽ കോർപ്പറേഷനു ചില സെന്ററുകളിൽ ചില ആൾക്കാർക്ക് ജോലി നഷ്ടപ്പെട്ടുവെന്ന് പറഞ്ഞ അവസരത്തിൽ മാർക്കറ്റിംഗ് ഫെഡറേഷൻകാരോട് ഈ തൊഴിലാളികളെ നിങ്ങൾക്കു സംഭരണകാര്യത്തിൽ ഉപയോഗിക്കാമെന്നു പറഞ്ഞു. അതുപ്രകാരം മാർക്കറ്റിംഗ് ഫെഡറേഷനു അവരെ ഉപയോഗിക്കാമെന്ന് അന്നത്തെ കോൺഫറൻസിൽവച്ച് ഒരു ധാരണയുണ്ടാക്കുകയും ചെയ്തു. പക്ഷെ അവിടെയുള്ള എല്ലാപേരെയും ഉപയോഗപ്പെടുത്താൻ സാധിച്ചെന്നു വരില്ല. കൂടുതലായിട്ടുള്ള ആളുകളെ ഒഴിവാക്കിയിട്ടുണ്ടാകാം. അല്ലാതെ ഇവരെ മുഴുവൻ പിരിച്ചുവിട്ടിട്ടില്ലെന്നാണ് ഗവൺമെന്റിനു കിട്ടിയ വിവരം.

ശ്രീ. എ. സി. ഷൺമുഖദാസ് : നാലു ചോദ്യത്തിനാണ് എനിക്ക് മറുപടി വേണ്ടത്. ഒന്ന്, നാഫെഡ്ഡിന്റെ സംഭരണം. രണ്ട്, ഇറക്കുമതി നിരോധിക്കുന്നതിനുള്ള അഭ്യർത്ഥന. മൂന്ന്, താങ്ങുവില നിശ്ചയിക്കൽ. നാല്, സബ്സിഡി കൊടുക്കൽ. ഈ നാലു കാരണങ്ങളാൽ നാളികേര വിലയിടിവിനു പരിഹാരമുണ്ടാക്കാമെന്ന് പറഞ്ഞു. ഈ നാലു നടപടികളും ആരംഭിക്കുന്ന ഘട്ടത്തിൽ നാളികേരത്തിന്റെ വിലയെന്താണ് ; മുഖ്യമന്ത്രിയുടെ കൈവശം കണക്കുണ്ടാകുമല്ലോ ? ഈ നാല് നടപടികളും ആരംഭിച്ചതിനുശേഷം വന്നിട്ടുള്ള വില വർദ്ധനവ് എത്രയാണെന്ന് പറയാൻ ദയവുണ്ടാകുമോ ? കർഷകനു ലഭിച്ചിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : 1,050 രൂപയുള്ള അവസരത്തിലാണ് ഇത് ആരംഭിച്ചത്. ഇന്ന് 1,150 രൂപയാണ് ഓപ്പൺ മാർക്കറ്റിൽ ഉള്ളത്. 1,200 രൂപയിൽ കുറച്ച് വാങ്ങിക്കേണ്ടയെന്നാണ് ഫെഡറേഷനു നിർദ്ദേശം കൊടുത്തിട്ടുള്ളത്. അതനുസരിച്ച് 1,200 രൂപ ഇന്ന് വിലയുണ്ട്. ഒരു കാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത് 1,050 രൂപയുള്ള അവസരത്തിൽ വാങ്ങിതുടങ്ങി 1,150 രൂപയിലായില്ലെങ്കിൽ വില കുറഞ്ഞോ കൂടിയോ എന്ന് ഞാൻ പറയേണ്ടതില്ലല്ലോ, കൂടിയിട്ടുണ്ട്. മറ്റൊരു കാര്യം പറയുവാനുള്ളത് ഫെബ്രുവരി മാർച്ച് മാസത്തിൽ കൊപ്രയുടെ വില കുറയുകയാണ് പതിവ്. എന്നാൽ ജനുവരി മാസത്തെ അപേക്ഷിച്ച് ഫെബ്രുവരി മാസത്തിൽ കൂടി ; ഫെബ്രുവരി മാസത്തെ അപേക്ഷിച്ച് മാർച്ചിൽ കൂടിയിട്ടുണ്ട്. ഈ നില കുറച്ചുകൂടി മെച്ചപ്പെട്ട് തുടരും. എന്നാണ് റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : കഴിഞ്ഞ പാർലമെന്റിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വിലയിടിവ് കേരളം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ല എന്ന് കേന്ദ്ര ഡെപ്യൂട്ടി കൃഷി വകുപ്പുമന്ത്രി യോഗേന്ദ്ര മകവാന പറഞ്ഞു. കഴിഞ്ഞ ഡിസംബർ 2-ന് പ്രതിപക്ഷ എം. എൽ എ. മാർ ഡൽഹിയിൽ സത്യാഗ്രഹം നടത്തിയപ്പോൾ പ്രധാനമന്ത്രിക്കും ചൂട്ടാസിങ്ങിനും ഒരു നിവേദനം കൊടുത്തു. അതിനെത്തുടർന്ന് ചൂട്ടാസിങ്ങ് ഒരു കോൺഫറൻസ് വിളിച്ചു. കോൺഫറൻസ് വിളിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞു ഞങ്ങൾ പറഞ്ഞിട്ടാണ് വിളിച്ചതെന്ന്. കോൺഫറൻസ് ചേർന്നപ്പോൾ മുഖ്യമന്ത്രി പറഞ്ഞു ഞങ്ങൾക്ക് അറിയില്ലെന്ന്. കോൺഫറൻസ് ചേർന്നുകൊണ്ടിരുന്നപ്പോൾ മുഖ്യമന്ത്രിക്ക് വേറൊരു സ്ഥലത്ത് പോകാനുള്ളതുകൊണ്ട് ഉദ്യോഗസ്ഥനെ അയച്ചുവെന്നും പറഞ്ഞു. കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇതൊന്നും പെടുത്തിയിട്ടില്ലെന്നല്ലേ ഇതുകൊണ്ട് മനസ്സിലാകുന്നത് ? ഇപ്പോൾ വല്ലതും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ, വന്നിട്ടുണ്ടെങ്കിൽ അത് എപ്പോഴാണ് ? ആ കത്തുകളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾ അതിന്റെ കോപ്പി കൈവശം ഇല്ല. ബഹുമാനപ്പെട്ട മെമ്പർക്ക് കോപ്പി കാണിച്ചുതരാം. കേരള ഗവൺമെന്റ് അയച്ച എഴുത്തിന്റെയും കിട്ടിയ മറുപടിയുടെയും കോപ്പി ഈ സഭയിൽ ഏത് മെമ്പർക്കും കാണിച്ചുതരുന്നതിൽ വിരോധമില്ല.

ശ്രീ. സി. കെ. ചക്രപാണി : വളരെ ലളിതമായ ഒരു ചോദ്യമാണ് എനിക്കു ചോദിക്കുവാനുള്ളത്. കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യുന്നത് നിറുത്തിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ കയറ്റുമതിയുടെ പ്രോൽസാഹനാർത്ഥം ക്രൂഡ് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : കേന്ദ്ര ഗവൺമെന്റിൽനിന്നു കിട്ടിയ മറുപടിയനുസരിച്ച് വെളിച്ചെണ്ണ ഇറക്കുമതി നിറുത്തിയിട്ടുണ്ടെന്നാണ് അറിയുന്നത്. രഹസ്യമായി എവിടെയെങ്കിലും നടത്തുന്നുണ്ടോയെന്നുള്ള കാര്യം ഗവൺമെന്റ് അന്വേഷിക്കാം.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഈ നടപടികളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മാസങ്ങളിൽ സാധാരണ കൃഷിക്കാർക്ക് വല്ല വ്യത്യാസമുണ്ടായിട്ടുണ്ടോയെന്നുള്ളത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ; സാധാരണ കർഷകന് ഓപ്പൺ മാർക്കറ്റിൽ വിൽക്കുമ്പോൾ കിട്ടാറുള്ള വിലയെന്താണ് എന്ന് അന്വേഷിച്ചിട്ടുണ്ടോ ? ഇന്നും സാധാരണ കർഷകന് കേരളത്തിൽ. ഓപ്പൺ മാർക്കറ്റിൽ വിൽക്കുമ്പോൾ 850 രൂപ മുതൽ 900 രൂപ വരെ മാത്രമാണ് കിട്ടുന്നത് എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഗവൺമെന്റിന് വിവരങ്ങൾ ശേഖരിക്കാനുള്ള ഏജൻസികളുണ്ട്. മാർക്കറ്റ് റിപ്പോർട്ടാണ് ഒന്ന്. അത് ഗവൺമെന്റ് തയ്യാറാക്കുന്നതല്ല. മാർക്കറ്റ് റിപ്പോർട്ടനുസരിച്ച് മാർച്ചിൽ വില 1,150 രൂപയാണ്. 1,200 രൂപയ്ക്ക് കൊപ്ര എടുക്കാമെന്ന് ഗവൺമെന്റ് പറഞ്ഞു. കർഷകരോട് അഭ്യർത്ഥിച്ചിട്ടുള്ളത് നിങ്ങൾ 1,200 രൂപയിൽ കുറച്ച് കൊടുക്കേണ്ടതില്ല ഗവൺമെന്റ് ഏജൻസികൾ വാങ്ങിക്കാൻ തയ്യാറാണെന്നാണ്. പോരായ്മകൾ ഉണ്ടെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. ആ പോരായ്മകൾ നികത്തുന്നതിനു വേണ്ടിയാണ് ഏജൻസികൾ പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ഈ പദ്ധതിയിൽപ്പെടുത്തി തമിഴ്നാട്ടിൽനിന്നും എണ്ണകുറഞ്ഞ കൊപ്ര കളളത്തരമായി കടത്തി ഇവിടെ കൊണ്ടുവന്ന് ചില ഏജൻസികൾ മുഖാന്തിരം വിൽക്കുന്നുണ്ട്. അതുകൊണ്ടു വെളിച്ചെണ്ണ നേരിട്ടുവാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സംസ്ഥാനങ്ങൾ തമ്മിലുള്ള മൂവ്മെൻറ് തടയാൻ ഇന്നത്തെ നിലയിൽ പ്രയാസമുണ്ട്. ഏതായാലും ശരി കേരളത്തിലെ നാളികേര കർഷകനെ സംബന്ധിച്ചിടത്തോളം ഉള്ള സംരക്ഷണമാണ് സംസ്ഥാനം ഏർപ്പെടുത്തിയിട്ടുള്ളത്. പുറമേനിന്ന് കൊപ്ര കേരളത്തിലേക്ക് വരുന്നുണ്ടെങ്കിൽ അത് തടയാൻ എന്താണ് മാർഗ്ഗമെന്ന് ഗവൺമെൻറ് ആലോചിക്കാം. ഗവൺമെൻറിന് ചെയ്യാൻ സാധിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. ബേബി ജോൺ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു കർഷകർക്ക് 1200 രൂപ കൊടുക്കുന്നുണ്ടെന്ന്, 1200 രൂപ കൊടുക്കുന്നുണ്ടെന്ന് പറയുമ്പോൾ, ഗവൺമെൻറും നാഫെഡും ഫെഡറേഷനുമെല്ലാം ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം 1200 രൂപയ്ക്ക് കൊപ്ര എടുക്കുന്നത് വളരെ സെലക്ഷൻ നടത്തിയിട്ടാണ്. അവിടെ കൊണ്ടുവരുന്നതിൻെറ പകുതി കൊപ്രപോലും എടുക്കുന്നില്ലെന്നും ബാക്കി 800-850 രൂപ കമ്പോളത്തിൽ കൊടുക്കേണ്ടി വരുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് നിലവിലിരിക്കുന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : അങ്ങനെ പരാതി ഉണ്ട്. ആ പരാതി ഒഴിവാക്കാൻ വേണ്ടിയാണ് കൊപ്രയുടെ ആസിഡ് കണ്ടെൻസ് എത്രയുണ്ടെന്ന് നോക്കാൻ വേണ്ടി ഒരു സംവിധാനം ഉണ്ടാക്കിയിട്ടുള്ളത്. അത് വ്യാപകമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

ഡോക്ടർ കെ. സി. ജോസഫ് : വെളിച്ചെണ്ണ ഓപ്പൺ ജനറൽ ലൈസൻസിൽപ്പെടുത്തി ഇൻഡസ്ട്രിയൽ ഓയിൽ എന്ന വ്യാജേന വ്യാപകമായി ബോംബെയിൽ ഇറക്കുമതി ചെയ്യുന്നുണ്ടെന്നുള്ള ആക്ഷേപം. ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ വസ്തു കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനും ഈ ഓപ്പൺ ജനറൽ ലൈസൻസ് ലിസ്റ്റിൽ നിന്ന് അത് ഒഴിവാക്കാനും കർശനമായി യാതൊരു കാരണവശാലും വെളിച്ചെണ്ണ ഇറക്കുമതി ചെയ്യില്ലെന്നുള്ള ഒരു പ്രഖ്യാപനം കേന്ദ്രത്തെക്കൊണ്ട് എടുപ്പിക്കാനും സംസ്ഥാന ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സംസ്ഥാന ഗവൺമെൻറ് കൊടുത്ത നിവേദനത്തിന് കിട്ടിയ മറുപടിയിൽ കൃഷി വകുപ്പിൽനിന്ന് വ്യക്തമായി പറഞ്ഞത് ഞങ്ങൾ ഇറക്കുമതി ചെയ്തിട്ടില്ല എന്നാണ് ; ഇറക്കുമതി ചെയ്യാൻ സംവിധാനം അനുവദിക്കുന്നില്ലെന്നാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കമേഴ്സ്യൽ മിനിസ്ട്രിയിൽനിന്ന് കയറിയയയ്ക്കുന്ന സാധനങ്ങളുടെ വിഹിതം ഇറക്കുമതി ചെയ്യാനുള്ള ഒരു വ്യവസ്ഥയുടെ ഭാഗമായി ഇറക്കുമതി ചെയ്തിരുന്നു. അത് നിറുത്തൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

ശ്രീ. എ. കെ. പത്മനാഭൻ : കേരളത്തിലെ കൊപ്ര മുഴുവൻ ഏറ്റെടുക്കാൻ കേന്ദ്രം ഡിസിഷൻ എടുത്തുവെന്ന് അറിഞ്ഞപ്പോൾ തൻെറ ജീവിതത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും സന്തോഷമുള്ള ദിവസം എന്നാണ് മുഖ്യമന്ത്രി അന്ന് പത്രലേഖകരോട് പറഞ്ഞത്. അന്ന് തോന്നിയ സന്തോഷം ഇപ്പോഴും അങ്ങേയ്ക്ക് തോന്നുന്നുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : സാധനങ്ങളുടെ വില കുറഞ്ഞുവരുന്ന ഫെബ്രുവരി മാർച്ച് മാസത്തിൽ വില വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുള്ള കാര്യത്തിൽ ചാരിതാർത്ഥ്യം ഉണ്ട്. വില വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തുടർന്ന് സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഗവൺമെൻറ് ഇതുവരെ ഇവിടെ പറഞ്ഞ എല്ലാ നടപടികളും എടുത്തിട്ടും ഈ രാജ്യത്ത് നാളികേരത്തിൻെറ വില ഇതുവരെ ഉണ്ടായതിൽ വച്ച് ഏറ്റവും താഴത്തെ പടിയിലാണ് എന്നുള്ള കാര്യം ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ? ഇത് മെച്ചപ്പെടുത്തുന്നതിന് ഇറക്കുമതി പൂർണ്ണമായും നിരോധിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല എന്ന് ഗവൺമെൻറ് വിശ്വസിക്കുന്നുണ്ടോ ? അങ്ങനെയാണെങ്കിൽ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നില്ല എന്നു പറയുന്ന സ്ഥാനത്ത് ഇൻഡസ്ട്രിയൽ ഓയിൽ എന്ന പേരിൽ ബോംബെയിലും കൊച്ചിയിലും കഴിഞ്ഞ ജനുവരി മാസം വരെ ഇത്തരം ഓയിൽ ഇറക്കുമതി ചെയ്തത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഈ അടുത്ത കാലത്താണ് ഗവൺമെൻറ് ഓഫ് ഇൻഡ്യ ഒരു പോളിസി എന്ന നിലയിൽ എണ്ണ ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായും നിർത്തൽ ചെയ്യാൻ പടിപടിയായി നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് പാർലമെൻറിൽ തന്നെ പ്രസ്താവിച്ചത്.

ശ്രീ. കെ. മുഹമ്മദാലി : പൊതുവായ ലൈസൻസ് ഉപയോഗിച്ച് ഇറക്കുമതി ചെയ്യപ്പെടുന്ന ഐറ്റങ്ങളുടെ പട്ടികയിൽ നിന്നും വെളിച്ചെണ്ണ ഒഴിവാക്കുവാൻ വേണ്ടി കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താൻ ഈ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : വെളിച്ചെണ്ണ ഏതു രൂപത്തിലും ഇറക്കുമതി ചെയ്യരുത് എന്നാണ് സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെടുന്നത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഗവൺമെൻറ് കൊപ്ര മുഴുവൻനേരിട്ട് സംഭരിക്കുന്നതാണെന്ന് മുഖ്യമന്ത്രി തൃശ്ശൂരിൽ വച്ച് ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. അതേക്കുറിച്ചുള്ള തീരുമാനം എന്തായി?

ശ്രീ. കെ. കരുണാകരൻ : കൊപ്രയല്ല, നാളികേരത്തെക്കുറിച്ച് ആണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നാളികേരം നേരിട്ട് വാങ്ങിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകാതിരിക്കുകയാണെങ്കിൽ (ഇത് മുഴുവൻ കൊപ്രയാക്കി മാറ്റാനുള്ള സൗകര്യം ചെറുകിട കൃഷിക്കാർക്കില്ല) ഇത് മുഴുവൻ കൊപ്രയാക്കി കൊടുക്കാൻ സാദ്ധ്യമല്ലാതെ വരുന്നതുകൊണ്ട് ഇടത്തരക്കാരായ ആളുകൾക്ക് നാളികേരം കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ടി വരുന്നതായി പരാതി കിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ചെറിയ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

നാളികേരം വാങ്ങാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കൃഷിവകുപ്പ് തയ്യാറാക്കിയിട്ടുള്ളത്.

ശ്രീ. ടി. എച്ച്. മുസ്തഫ : കൊപ്ര വാങ്ങുന്ന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ പ്രാദേശിക പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കൊപ്ര എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ : ആ കാര്യം ഗവൺമെൻറ് ആലോചിക്കുന്നുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ : നാളികേരത്തിൻെറ വിലയിടിവ് പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ സഭയിലെ പ്രതിപക്ഷ മെമ്പർമാർ ഒന്നടങ്കം ഡൽഹിയിൽ നടത്തിയ ധർണയ്ക്കുശേഷം ഡിസംബർ 2-ാം തീയതി കേന്ദ്ര ഗവൺമെൻറ് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ കേരളാ ഗവൺമെൻറിനെ പ്രതിനിധീകരിച്ച് മന്ത്രിമാർ പങ്കെടുക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഒരു മന്ത്രിപോലും പങ്കെടുക്കാതിരുന്നത് എന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീ. കെ. കരുണാകരൻ : അങ്ങനെയൊരു നിർദ്ദേശം കിട്ടിയിട്ടില്ല. നേരെമറിച്ച് അതിനുമുമ്പ് മന്ത്രിമാരുടെ ലവലിൽ ഒരു കോൺഫറൻസ് കൂടിയിരുന്നു. അതുകൊണ്ട് മന്ത്രിമാർ പങ്കെടുക്കേണ്ട ആവശ്യമില്ലായിരുന്നു.

(ചോദ്യം 3) (ചോദ്യം ഉന്നയിച്ച മെമ്പർമാർ സഭയിൽ ഇല്ലാതിരുന്നതിനാൽ എടുത്തില്ല).

സംസ്ഥാന മന്ത്രിസഭയുടെ പ്രതിച്ഛായ

* 3 [4] ശ്രീ. സി. വാസുദേവ മേനോൻ :
,, സി. കെ. ചക്രപാണി :
,, വി. ജെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മന്ത്രിസഭയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേറ്റിട്ടുണ്ടെന്ന അഭിപ്രായം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിച്ഛായ നന്നാക്കാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) സംസ്ഥാന നിയമസഭയിലേക്ക് ഇടക്കാല തെരഞ്ഞെടുപ്പ് നടത്താൻ വല്ല ആലോചനയുമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേക്ക് നടത്തും?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) തീരുമാനമൊന്നും എടുത്തു കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly